2026
AUGUST
06
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# എൽ.ഐ.സി.യുടെ 6.5 ശതമാനം ഓഹരികൾകൂടി വിൽക്കുന്നു

## ലക്ഷ്യം 31,000 കോടി

**മുംബൈ:** പൊതുമേഖലാ ലൈഫ് ഇൻഷുറൻസ് കമ്പനിയായ എൽ.ഐ.സി.യുടെ 6.5 ശതമാനം ഓഹരികൾകൂടി വിറ്റഴിക്കാനുള്ള നടപടികൾക്ക് തുടക്കമായി. ഓഫർ ഫോർ സെയിൽ (ഒ.എഫ്.എസ്.) രീതിയിൽ കേന്ദ്ര സർക്കാരാണ് ഓഹരികൾ വിറ്റഴിക്കുന്നത്. 2.5 ശതമാനം ഓഹരികൾ വിൽക്കുകയാണ് ലക്ഷ്യമിടുന്നതെങ്കിലും കൂടുതൽ ആവശ്യക്കാരെത്തിയാൽ 'ഹോഴ്സ് ഷൂ ഓപ്ഷൻ' രീതിയിൽ മറ്റൊരു നാലു ശതമാനം ഓഹരികൾകൂടി നൽകാനാണ് തീരുമാനം.

ഇതിന്റെ ഭാഗമായി നിക്ഷേപക സ്ഥാപനങ്ങൾക്കും വൻകിട നിക്ഷേപകർക്കുമുള്ള ഇഷ്യു ചൊവ്വാഴ്ച നടന്നു. ചെറുകിട നിക്ഷേപകർക്ക് ബുധനാഴ്ച അപേക്ഷിക്കാം. ഓഹരിയൊന്നിന് 382 രൂപ അടിസ്ഥാനവിലയിട്ടാണ് ഒ.എഫ്.എസ്. ഇഷ്യു.

വിപണിയിൽ ലിസ്റ്റ് ചെയ്ത കമ്പനിയെന്ന നിലയിൽ എൽ.ഐ.സി.യുടെ പൊതു ഓഹരി പങ്കാളിത്തം 25 ശതമാനത്തിലെത്തിക്കേണ്ടതുണ്ട്. നിലവിലിത് 3.5 ശതമാനം മാത്രമാണ്. ഈ സാഹചര്യത്തിലാണ് സർക്കാർ കൂടുതൽ ഓഹരികൾ വിറ്റഴിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്നത്. ബി.എസ്.ഇ.യിലെ കണക്കനുസരിച്ച് നിക്ഷേപക സ്ഥാപനങ്ങളിൽനിന്നും വൻകിട നിക്ഷേപകരിൽനിന്നുമായി ചൊവ്വാഴ്ച 94.45 കോടി ഓഹരികൾക്കായി അപേക്ഷ ലഭിച്ചിട്ടുണ്ട്. ചെറുകിട നിക്ഷേപകർക്കായി പരമാവധി 8.22 കോടി ഓഹരികളും നിക്ഷേപക സ്ഥാപനങ്ങൾക്കായി 74 കോടി ഓഹരികളുമാണ് നീക്കിവെച്ചിട്ടുള്ളത്. പ്രാഥമികമായി 2.5 ശതമാനം ഓഹരികൾ വിൽക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ആവശ്യക്കാർ കൂടുകയാണെങ്കിൽ 'ഗ്രീൻ ഷൂ ഓപ്ഷൻ' വഴി 4 ശതമാനം കൂടി അധികമായി നൽകും. ഇത്തരത്തിൽ ആകെ 6.5 ശതമാനം ഓഹരികളാണ് വിൽപനയ്ക്കായി വെച്ചിരിക്കുന്നത്.

6.5 ശതമാനം ഓഹരികളും വിറ്റഴിക്കാനായാൽ സർക്കാരിന് 31,000 കോടി രൂപ വരെ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2022 മേയിൽ ലിസ്റ്റ് ചെയ്ത കമ്പനിക്ക് നിയമപ്രകാരം പൊതു ഓഹരി പങ്കാളിത്തം 25 ശതമാനത്തിലെത്തിക്കാൻ സെബി കൂടുതൽ സമയം അനുവദിച്ചിരുന്നു.

2027 മേയ് മാസത്തിനകം ഇത് പത്തു ശതമാനത്തിലെത്തിക്കേണ്ടതുണ്ട്. 6.5 ശതമാനം ഓഹരികൾ വിറ്റഴിച്ചാൽ എൽ.ഐ.സി.യിൽ സർക്കാർ ഓഹരി പങ്കാളിത്തം 90 ശതമാനമായി കുറയും. അതേസമയം ഓഫർ ഫോർ സെയിൽ പ്രഖ്യാപിച്ചതിനു പിന്നാലെ ചൊവ്വാഴ്ച എൽ.ഐ.സി. ഓഹരിവില കുത്തനെ ഇടിഞ്ഞു. ഓഹരിയൊന്നിന് 7.86 ശതമാനമാനത്തിന്റെ ഇടിവാണ് നേരിട്ടത്. ഇന്നലെ വ്യാപാരം ആരംഭിച്ചപ്പോൾ നേരിയതോതിൽ ഉയരുകയും ചെയ്തു. ഓഹരിയൊന്നിന് 394 രൂപ നിലവാരത്തിലാണ് ഇന്നലെ വ്യാപാരം നടന്നത്.

## പലിശ നിരക്കിൽ മാറ്റമില്ല: റിപ്പോ 5.25 ശതമാനത്തിൽ തുടരും




**മുംബൈ:** ആഗോള വിപണികളിലെ അസ്ഥിരത കണക്കിലെടുത്ത് ഇത്തവണയും നിരക്കിൽ മാറ്റംവരുത്താതെ ആർബിഐ. റിപ്പോ 5.25 ശതമാനത്തിൽ തുടരും. പശ്ചിമേഷ്യയിലെ സംഘർഷവും ക്രൂഡ് ഓയിൽ വിലയിലെ ചാഞ്ചാട്ടവും പരിഗണിച്ച് 'കാത്തിരുന്ന് കാണാം' എന്ന നയമാണ് റിസർവ് ബാങ്ക്

നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ പെട്ടെന്നുള്ള മാറ്റങ്ങൾക്ക് മുതിരാതെ വിപണിയിലെ സ്ഥിരത ഉറപ്പാക്കാനാണ് ആർബിഐ ലക്ഷ്യമിടുന്നത്. അതുകൊണ്ടുതന്നെ നയത്തിൽ മാറ്റംവരുത്തിയിട്ടുമില്ല.

തുടർച്ചയായി നാലാം തവണയാണ് റിപ്പോ നിരക്ക് 5.25 ശതമാനത്തിൽ നിലനിർത്തുന്നത്. എണ്ണ വിലയിലെ ഏറ്റക്കുറച്ചിൽ, വിദേശ നിക്ഷേപ വരവ്, പണപ്പെരുപ്പം ഉയരാനുള്ള സാധ്യത എന്നിവയാണ് ആർബിഐ നേരിടുന്ന വെല്ലുവിളി.

വിദേശ നാണ്യ നിക്ഷേപത്തിൽ വർധനവുണ്ടായത് ആർബിഐക്ക് ആത്മവിശ്വാസം നൽകിയിട്ടുണ്ട്. ജൂലായ് 31 വരെയുള്ള കണക്കുപ്രകാരം 3.89 ലക്ഷം കോടി (41 ബില്യൺ ഡോളർ) രൂപയുടെ വിദേശ നിക്ഷേപമാണ് എത്തിയത്.

സമ്പദ്‌വ്യവസ്ഥയുടെ കരുത്ത് കണക്കിലെടുത്ത് നടപ്പ് സാമ്പത്തിക വർഷത്തെ വളർച്ചാ അനുമാനം 6.6 ശതമാനത്തിൽ നിന്ന് 6.7 ശതമാനമായി ആർബിഐ ഉയർത്തിയിട്ടുണ്ട്. ഉത്പാദന മേഖലയിലെ കരുത്തുറ്റ പ്രകടനവും ഡിമാൻഡും ഗുണം ചെയ്യുമെന്നാണ് വിലയിരുത്തൽ. പ്രത്യേകിച്ച്, ഉപഭോഗത്തിൽ പ്രകടമാകുന്ന വർധനവും ഉപഭോക്താക്കളുടെ ചെലവുകളിലെ ഉണർവും അനുകൂല ഘടകങ്ങളായി ആർബിഐ കാണുന്നു.

## വ്യാവസായിക വളർച്ച കുറയുന്നു: ഉത്പാദനമേഖലയിലെ പിഎംഐ അഞ്ചുവർഷത്തെ താഴ്ന്ന നിലയിൽ



**ന്യൂദൽഹി:** വ്യാവസായിക വളർച്ചയുടെ സൂചികയായ മാനുഫാക്ചറിങ് പർച്ചേസിങ് മാനേജേഴ്സ് സൂചിക (പിഎംഐ) വൻ ഇടിവ് നേരിട്ടു. ജൂണിലെ 54.2ൽനിന്ന് ജൂലായിൽ 53.5 ആയാണ് കുറഞ്ഞത്. അഞ്ചുവർഷത്തെ താഴ്ന്ന വളർച്ചാനിരക്കാണിത്.

കോവിഡിന് ശേഷമുള്ള വിപണിയുടെ കുതിപ്പിന്റെ വേഗം കുറയുന്നുവെന്നതും ഉത്പാദന മേഖല മാന്ദ്യത്തിന്റെ നിഴലിലാണെന്നുമുള്ള സൂചനയാണ് പുതിയ കണക്കുകൾ നൽകുന്നത്. സൂചിക 50ന് മുകളിൽ തുടരുന്നത് മുന്നേറ്റത്തെ സൂചിപ്പിക്കുന്നുണ്ടെങ്കിലും ദീർഘകാല ശരാശരിയായ 54.2ന് താഴേക്കെത്തിയത് സാമ്പത്തിക വിദഗ്ധർക്കിടയിൽ ആശങ്ക ഉയർത്തുന്നു.

2021 ഓഗസ്റ്റിന് ശേഷമുള്ള ഏറ്റവും ദുർബലമായ വളർച്ചാ നിരക്കാണ് ഉത്പാദനമേഖലയിൽ ഇപ്പോൾ പ്രകടമാകുന്നത്. വിപണിയിൽ ഡിമാൻഡ് കുറഞ്ഞതും ഓർഡറുകളിലുണ്ടായ കുറവുമാണ് സൂചികയെ താഴേക്കെത്തിച്ചത്.

നാല് വർഷത്തിനിടയിലെ രണ്ടാമത്തെ ഏറ്റവും കുറഞ്ഞ വളർച്ചയാണ് രേഖപ്പെടുത്തിയത്. ഉപഭോക്താക്കളുടെ താത്പര്യക്കുറവും വിപണിയിലെ കടുത്ത മത്സരവുമാണ് തിരിച്ചടിയായത്.

വില്പന കൂട്ടുന്നതിനായി കമ്പനികൾ ഉത്പാദനം തുടരുന്നുണ്ടെങ്കിലും ഉത്പാദന വളർച്ചയുടെ വേഗം 2022 പകുതിക്കുശേഷമുള്ള ഏറ്റവും താഴ്ന്ന നിലവാരത്തിലെത്തി.

അസംസ്കൃത വസ്തു സംഭരണം: അസംസ്കൃത വസ്തുക്കളുടെ വാങ്ങൽ 31 മാസത്തെ ഏറ്റവും താഴ്ന്ന നിരക്കിലേക്ക് ഇടിഞ്ഞു.

എന്നാൽ, നിർമാണ ചെലവ് അഞ്ച് മാസത്തെ താഴ്ന്ന നിരക്കിലെത്തിയത് ആശ്വാസകരമാണ്. അതേസമയം, ഗതാഗത ചെലവ് കൂടുന്നത് തിരിച്ചടിയുമാണ്. ആഭ്യന്തര വിപണിയിൽ ഡിമാൻഡ് കുറയുമ്പോഴും ലാഭം നിലനിർത്തുന്നതിനായി കമ്പനികൾ ഉത്പന്ന വില കൂട്ടുന്നത് തുടരുകയാണ്. ഇത് വിപണിയെ സാധാരണ നിലയിലെത്തിച്ചേക്കാമെന്നാണ് വിലയിരുത്തൽ.

കയറ്റുമതി മേഖല കാര്യമായ പ്രതീക്ഷ നൽകുന്നുണ്ട്. വിദേശ വിപണികളിൽനിന്നുള്ള ഓർഡറുകൾ കൂടിയതായാണ് സർവേ സൂചിപ്പിക്കുന്നത്. കാനഡ, ഈജിപ്ത്, ഇന്തോനേഷ്യ, കെനിയ, നേപ്പാൾ, ദക്ഷിണാഫ്രിക്ക,തായ്‌ലൻഡ്, യുഎഇ എന്നിവിടങ്ങളിൽനിന്നുള്ള കയറ്റുമതി ഉയർന്നിട്ടുണ്ട്.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply



# 172ാമത് ഗുരുദേവജയന്തി സമ്മേളനം ഗവർണർ ഉദ്ഘാടനം ചെയ്യും

**വർക്കല:** ശ്രീനാരായണഗുരുദേവൻറെ 172ാമത് തിരുജയന്തിയാഘോഷത്തോടനുബന്ധിച്ച് ആഗസ്റ്റ് 28 ന് രാവിലെ 9.30 ന് ശിവഗിരിമഠത്തിൽ നടക്കുന്ന തിരുജയന്തി സമ്മേളനം കേരളാഗവർണർ രാജേന്ദ്രവിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സ്വാമി സച്ചിദാനന്ദ അദ്ധ്യക്ഷത വഹിച്ചു ജയന്തിസന്ദേശം നൽകും. ജനറൽ സെക്രട്ടറി സ്വാമി ശുഭാംഗാനന്ദ സ്വാഗതവും ട്രഷറർ സ്വാമി ശാരദാനന്ദ അനുഗ്രഹപ്രഭാഷണവും നടത്തും.

അടൂർ പ്രകാശ് എം.പി, അഡ്വ. വി.ജോയി എം.എൽ.എ. വർക്കല നഗരസഭ ചെയർപേഴ്സൺ ഗീതാഹേമചന്ദ്രൻ, ആഘോഷകമ്മിറ്റി സെക്രട്ടറി സ്വാമി വിരജാനന്ദഗിരി, രക്ഷാധികാരി കെ.ജി.ബാബുരാജൻ , കെ.മുരളീധരൻ (മുരളിയ ഫൗണ്ടേഷൻ), ശിവഗിരി എസ്.എൻ.ഡി.പി. യൂണിയൻ പ്രസിഡൻറ് ജയപ്രകാശ് ബി. കല്ലമ്പലം എന്നിവർ സംസാരിക്കും.

11 ന് ചേരുന്ന ശ്രീനാരായണ ധർമ്മചർച്ചാ സമ്മേളനം മന്ത്രി എം.ലിജു ഉദ്ഘാടനം ചെയ്യും. സച്ചിദാനന്ദ സ്വാമി അധ്യക്ഷത വഹിക്കും.

ശുഭാംഗാനന്ദ സ്വാമിയും ശാരദാനന്ദ സ്വാമിയും അനുഗ്രഹപ്രഭാഷണങ്ങൾ നടത്തും. വിരജാനന്ദ സ്വാമി, ഗോപകുമാർ എം.എൽ.എ., തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പ്രിയദർശിനി, ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല വി.സി. ഡോ.ജഗതിരാജ്, വർക്കല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് സന്തോഷ്കുമാർ, ശോഭാസുരേന്ദ്രൻ, ശിവഗിരി എസ്.എൻ.ഡി.പി. യൂണിയൻ സെക്രട്ടറി അജി എസ്.ആർ.എം. ഗുരുധർമ്മ പ്രചരണ സഭാ ഉപദേശക സമിതി വൈസ് ചെയർമാൻ വി.കെ. മുഹമ്മദ് ഭിലായ്, ആൾ ഇന്ത്യാകിസ്സാൻ സഭയുടെ അഡ്വ. എസ്.കെ. പ്രീജ, കെ.ടി. സുകുമാരൻ, അഡ്വ. സ്മിതാ സുന്ദരേശൻ എന്നിവർ സംസാരിക്കും.

## ജയന്തി ആഘോഷങ്ങൾക്ക് ഒരുക്കങ്ങളായി

ശ്രീനാരായണഗുരുദേവന്റെ 172ാമത് ജയന്തി ആഘോഷങ്ങൾക്ക് ശിവഗിരിയിൽ ഒരുക്കങ്ങളായി. ആഗസ്റ്റ് 28 ന് പുലർച്ചെ 4.30 ന് പർണ്ണശാലയിൽ ശാന്തിഹവനം 5.10ന് ശാരദാമഠത്തിൽ വിശേഷാൽപൂജ, 5.30 ന് മഹാസമാധിയിൽ വിശേഷാൽപൂജ, 6 മുതൽ 6.30 വിശേഷാൽ ചതയപൂജയും തിരു അവതാരമുഹൂർത്ത പ്രാർത്ഥനയും മുറപ്രകാരം നടക്കും. 7 ന് ശ്രീനാരായണധർമ്മസംഘം ട്രസ്റ്റ് പ്രസിഡൻറ് സ്വാമി സച്ചിദാനന്ദ ധർമ്മപതാക ഉയർത്തും.

7.30 ന് ജപയജ്ഞം. സ്വാമി പരാനന്ദ ദീപപ്രകാശനം നടത്തും. 9.30ന് തിരുജയന്തി സമ്മേളനം, 11 ന് ശ്രീനാരായണ ധർമ്മ ചർച്ചാസമ്മേളനം, ഉച്ചയ്ക്ക് 2 ന് ഗുരുമൊഴി വൈകിട്ട് 5.30ന് സംന്യാസി ശ്രേഷ്ഠരുടെ നേതൃത്വത്തിൽ ശിവഗിരിയിൽ നിന്നു പുറപ്പെടുന്ന ജയന്തിഘോഷയാത്രയിൽ എഴുന്നള്ളിക്കുന്ന ഗുരുദേവ റിക്ഷയ്ക്ക് അകമ്പടിയായി പഞ്ചവാദ്യം, മുത്തുക്കുടകൾ, ഗുരുവിഗ്രഹം വഹിക്കുന്ന കമനീയരഥം, ശിങ്കാരിമേളം, വിവിധയിനം കലാരൂപങ്ങൾ, ഗുരുദേവദർശനത്തെ പ്രമേയമാക്കി പൊതുവിഭാഗം സാമൂഹിക മുന്നേറ്റത്തിൽ ശുചിത്വത്തിന്റെ പ്രാധാന്യം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തൂഫാൻ ലഹരി വിമോചനം എന്നീ വിഷയങ്ങളെ അധികരിച്ചണിയിച്ചൊരുക്കുന്ന ഫ്ളോട്ടുകൾ തുടങ്ങിയവ അണിനിരക്കും.

ശിവഗിരി ഹയർസെക്കൻററി സ്കൂൾ, ശിവഗിരി നഴ്സിംഗ് കോളേജ്, എസ്.എൻ കോളേജ്, വട്ടപ്ലാംമൂട്, പാലച്ചിറ, കെടാവിത്തുവിള, പുത്തൻചന്ത, ആയുർവ്വേദാശുപത്രി മൈതാനം റെയിൽവേ സ്റ്റേഷൻ വരെ നീങ്ങുന്ന ഘോഷയാത്ര മഠം ജംഗ്ഷൻ, തുരപ്പിൻമൂട് വഴി രാത്രി 10ന് മഹാസമാധിയിൽ എത്തിച്ചേരും. ആത്മീയ, സാമൂഹിക, കലാ സാംസ്കാരിക രംഗത്തെ പ്രമുഖരുടെയും വിവിധ ശ്രീനാരായണപ്രസ്ഥാനങ്ങളുടെയും ഗുരുഭക്തരുടേയും നേതൃത്വത്തിൽ ശിവഗിരിയിൽ ചതയദീപം തെളിക്കും.

## ഗുരുദേവ ഭജൻസ് അവതരിപ്പിക്കാം

ശ്രീനാരായണ ഗുരുദേവൻറെ 172ാമത് തിരുജയന്തിദിനം മുതൽ മഹാസമാധി ദിനം വരെ നീണ്ടുനിൽക്കുന്ന ജപയജ്ഞത്തിന്റെ ഭാഗമായി എല്ലാ ദിവസവും വൈകിട്ട് ശിവഗിരിയിൽ ഗുരുഭക്തർക്ക് ഗുരുദേവകൃതികളും ഗുരുസ്തുതികളും അടങ്ങുന്ന ഭജനകൾ അവതരിപ്പിക്കാം.

ഈ കാലയളവിൽ ആശ്രമനിയമങ്ങൾ പാലിച്ച് ഭക്തർക്ക് ശിവഗിരി മഠത്തിൽ താമസിച്ച് ജപധ്യാനാദികളിലും പൂജകളിലും പങ്കെടുത്ത് ഭജനമിരിക്കുന്നതിനുള്ള സൗകര്യവുമുണ്ട്. ശ്രീനാരായണഗുരുസന്ദേശം ഉൾക്കൊള്ളുന്നതിനും ആദ്ധ്യാത്മികതയിൽ അധിഷ്ഠിതമായ ജീവിതശൈലി സമൂഹത്തിൽ വ്യാപിപ്പിക്കുന്നതിനുമാണ് ഇത്തരത്തിൽ അവസരം നൽകുന്നതെന്ന് ജയന്തി ആഘോഷക്കമ്മിറ്റി അറിയിച്ചു.

# സപ്ലൈകോയുടെ വിൽപ്പനയിൽ 10 ശതമാനം വർധന: പ്രതിമാസ വിൽപ്പന 220 കോടി കവിഞ്ഞു

കൊച്ചി: കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) ഈ മാസം 220 കോടിയുടെ വിൽപ്പന നേടി. ഇത് കഴിഞ്ഞ ആറുമാസത്തെ ശരാശരി പ്രതിമാസ വിൽപ്പനയെ അപേക്ഷിച്ച് 10 ശതമാനം വർധനയാണ് .

വിൽപ്പനയ്ക്കൊപ്പം ഉപഭോക്താക്കളുടെ എണ്ണത്തിലും ഗണ്യമായ വർധനയുണ്ടായി. സാധാരണയായി പ്രതിമാസം 33 മുതൽ 35 ലക്ഷം വരെ ഉപഭോക്താക്കളാണ് സപ്ലൈകോ ഔട്ട്ലെറ്റുകൾ സന്ദർശിക്കാറുള്ളത്. എന്നാൽ കഴിഞ്ഞ മാസം ഈ എണ്ണം 37 ലക്ഷമായി ഉയർന്നു. സപ്ലൈകോ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിലും ന്യായവിലയിലും പൊതുജനങ്ങൾ അർപ്പിക്കുന്ന വിശ്വാസത്തിന്റെ തെളിവാണ് ഈ നേട്ടമെന്ന് സപ്ലൈകോ മാനേജിങ് ഡയറക്ടർ ജയകൃഷ്ണൻ വി എം അറിയിച്ചു .

ഈ വിൽപ്പനവർധനയും ഉപഭോക്തൃവിശ്വാസവും ഓണക്കാല വിൽപ്പനയ്ക്ക് വലിയ ആത്മവിശ്വാസമാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഓഗസ്റ്റ് മാസത്തിൽ 400 കോടി രൂപയുടെ വിൽപ്പന കൈവരിക്കാനാകുമെന്ന പ്രതീക്ഷയിലാണ് സപ്ലൈകോ.

# നവതിപ്രഭയിൽ അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി

**കൊച്ചി:** മധ്യകേരളത്തിൽ കത്തോലിക്കാസഭയുടെ ആതുരശുശ്രൂഷാ രംഗത്തു പ്രൗഢമായ സേവന ചരിത്രമുള്ള അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രിക്കു നവതിപ്രഭ. 90ാം വാർഷികാഘോഷങ്ങളുടെ സമാപന സമ്മേളനം എട്ടിനു രാവിലെ പത്തിന് മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും.

എറണാകുളംഅങ്കമാലി അതിരൂപതയുടെ കീഴിലുള്ള ലിറ്റിൽ ഫ്ളവർ ആശുപത്രി, 1936ൽ ആർച്ച്ബിഷപ് മാർ അഗസ്റ്റിൻ കണ്ടത്തിലിന്റെ ദീർഘവീക്ഷണത്തിലാണ് സ്ഥാപിക്കപ്പെട്ടത്.

മുപ്പതോളം മൾട്ടി സ്പെഷാലിറ്റി, സൂപ്പർ സ്പെഷാലിറ്റി വിഭാഗങ്ങളിലേക്ക് എൽഎഫ് വളർന്നു. 607 കിടക്കകളും 200 ഡോക്ടർമാരും 1600ലേറെ ജീവനക്കാരും ഇന്നുണ്ട്. പ്രതിദിനം രണ്ടായിരത്തോളം പേർക്ക് ഔട്ട് പേഷ്യൻറ് വിഭാഗത്തിൽ സേവനം നൽകുന്നു. സുസജ്ജമായി 25 ആധുനിക ഓപ്പറേഷൻ തിയറ്ററുകളും 14 ഐസിയുകളും. ഹൃദ്രോഗ ചികിത്സയ്ക്കു പ്രത്യേക ബ്ലോക്കും വിപുലമായ ഡയാലിസിസ് യൂണിറ്റും ഇവിടെയുണ്ട്.

കേരളത്തിൽ വിഷ ചികിത്സയുടെയും നേത്ര ചികിത്സയുടെയും അവസാനവാക്കായി ലിറ്റിൽ ഫ്ലവർ ആശുപത്രി മാറി. കേരളത്തിൽ ആദ്യമായി കോർണിയ ട്രാൻസ്പ്ലാൻറേഷൻ നടത്തി ചരിത്രം കുറിച്ചത് എൽഎഫ് ആശുപത്രിയിലാണ്.

ജനറൽ നഴ്സിംഗ്, ബിഎസ്സി നഴ്സിംഗ്, ഒപ്റ്റോമെട്രി, ഫിസിയോതെറാപ്പി ഉൾപ്പെടെ വിവിധ കോഴ്സുകളിലൂടെ ആയിരക്കണക്കിനു വിദ്യാർഥികൾക്ക് വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും ലഭ്യമാക്കാൻ ആശുപത്രിക്കു സാധിച്ചിട്ടുണ്ടെന്നു ഡയറക്ടർ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി പറഞ്ഞു.



ആശുപത്രിയുടെ സാമൂഹിക പ്രതിബദ്ധതാ പദ്ധതികളുടെ ഭാഗമായി ഗ്രാമ പ്രദേശങ്ങളിൽ സൗജന്യ മെഡിക്കൽ, നേത്ര, ഹൃദ്രോഗ പരിശോധനാ ക്യാമ്പുകൾ നടത്തുന്നുണ്ട്. നവതി വർഷത്തിൽ ആശുപത്രിയിലെ എല്ലാ കിടപ്പു രോഗികൾക്കും സൗജന്യ ഭക്ഷണം നൽകുന്ന പദ്ധതിക്കു തുടക്കമായി.

സമാപനസമ്മേളനത്തിൽ സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ, ആർച്ച്ബിഷപ് മാർ ജോസഫ് പാംപ്ലാനി, മന്ത്രിമാരായ റോജി എം. ജോൺ, വി.എ. അബ്ദുൾ ഗഫൂർ, എംപിമാർ, എംഎൽഎമാർ, ജനപ്രതിനിധികൾ, സമൂഹത്തിൻറെ വിവിധ മേഖലകളിലെ പ്രമുഖർ തുടങ്ങിയവർ പങ്കെടുക്കും.

# തേനിയിൽ നിന്ന് മൂന്നാറിലേക്ക് തമിഴ്നാട് ബസ്; ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ട്രെയിൻ സർവീസ്

**പൂപ്പാറ:** തേനി റെയിൽവേ സ്റ്റേഷനിൽ നിന്ന് മൂന്നാറിലേക്ക് തമിഴ്നാട് ട്രാൻസ്പോർട്ട് കോർപറേഷൻ പുതിയ ബസ് സർവീസ് ആരംഭിച്ചു. തമിഴ്നാട്ടിലെ വിവിധ ജില്ലകളിൽ നിന്ന് മൂന്നാറിലേക്ക് വരുന്ന സഞ്ചാരികൾക്കും യാത്രക്കാർക്കും ഉപകാരപ്രദമായാണ് രാവിലെ 8.05 ന് തേനിയിൽ നിന്ന് മൂന്നാറിലേക്ക് പുറപ്പെടുന്ന പുതിയ സർവീസ് ആരംഭിച്ചത്. മൂന്നാർ ഉൾപ്പെടെയുള്ള ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് തമിഴ്നാട്ടിലെ വിവിധ ജില്ലകളിൽ നിന്ന് വരുന്ന സഞ്ചാരികളുടെ എണ്ണം വർധിക്കുകയാണ്.




നേരത്തെ ചെന്നൈയിൽ നിന്ന് ബോഡിനായ്ക്കന്നൂർ വരെ ട്രെയിൻ സർവീസ് ആരംഭിച്ചിരുന്നു. ഇതുകൂടാതെ താംബരത്തു നിന്ന് വില്ലുപുരം, ചിദംബരം, മയിലാടുതുറൈ, തഞ്ചാവൂർ, ട്രിച്ചി വഴി ബോഡിനായ്ക്കന്നൂരിലേക്ക് ആഴ്ചയിൽ ഒരു ദിവസം പ്രത്യേക ട്രെയിൻ സർവീസുമുണ്ട്. ട്രെയിനുകളിലെത്തുന്ന സഞ്ചാരികൾക്ക് ടാക്സി വാഹനങ്ങൾ പരമാവധി ഒഴിവാക്കി നേരിട്ട് മൂന്നാറിലേക്ക് വരുന്നതിനാണ് തേനി റെയിൽവേ സ്റ്റേഷനിൽ നിന്ന് പുതിയ ബസ് സർവീസ് ആരംഭിച്ചത്. 130 രൂപയാണ് തേനി, മൂന്നാർ ടിക്കറ്റ് നിരക്ക്.

# എം.ജി സർവകലാശാല

## അസിസ്റ്റൻറ് പ്രൊഫസർ കരാർ നിയമനം

സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസ്, സ്കൂൾ ഓഫ് മാനേജ്മെൻറ് ആൻഡ് ബിസിനസ് സ്റ്റഡീസ്, കെ. എൻ. രാജ് സ്കൂൾ ഓഫ് ഇക്കണോമിക്സ് എന്നിവിടങ്ങളിൽ അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസം 40,000 രൂപ വേതനം ലഭിക്കുന്ന ഈ തസ്തികകളിലേക്ക് യു.ജി.സി മാനദണ്ഡപ്രകാരമുള്ള യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 70 വയസ്സ്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും സഹിതം വിജ്ഞാപനം വന്ന് 20 ദിവസത്തിനകം 'രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി. ഒ., കോട്ടയം 686560' എന്ന വിലാസത്തിൽ തപാലിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് mgu.ac.in.

### രേഖകൾ സമർപ്പിക്കണം

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ സർവകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരുടെ വിവരങ്ങൾ, പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകൾ, കോളേജ് തിരിച്ചറിയൽ കാർഡിൻറെ പകർപ്പ്, സ്പെസിമൻ സിഗ്നേച്ചർ എന്നിവ അടങ്ങിയ നിർദ്ദിഷ്ട പ്രൊഫോർമയുടെ അസ്സൽ സമർപ്പിക്കാനുള്ള സമയപരിധി ഓഗസ്റ്റ് 7 ഉച്ചയ്ക്ക് 3 മണി വരെ നീട്ടി.

### പ്രക്ടിക്കൽ

ഓഗസ്റ്റ് 4ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എംഎ മ്യൂസിക് (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 10ാം തീയതിയിലേക്ക് പുനഃക്രമീകരിച്ചു.

### പരീക്ഷാഫലം

മൂന്നാം സെമസ്റ്റർ എംഎ പൊളിറ്റിക്കൽ സയൻസ് പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 19 വരെ ഓൺലൈനായി അപേക്ഷിക്കാം

# മത്സ്യഭ്രൂണകോശത്തിൽ നിന്ന് സ്റ്റെം സെൽ സമാന കോശനിര വികസിപ്പിച്ച് കുസാറ്റ് ഗവേഷകർ

**കൊച്ചി:** മത്സ്യഭ്രൂണകോശങ്ങളിൽ നിന്ന് ദീർഘകാലം ലബോറട്ടറിയിൽ വളർത്താനാകുന്ന സ്റ്റെം സെൽ സമാന കോശനിര വിജയകരമായി വികസിപ്പിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) നാഷണൽ സെൻ്റർ ഫോർ അക്വാട്ടിക് അനിമൽ ഹെൽത്ത് (എൻ.സി.എ.എ.എച്ച്) ശ്രദ്ധേയമായ ശാസ്ത്രനേട്ടം കൈവരിച്ചു.

കുസാറ്റ് എൻ.സി.എ.എ.എച്ച് അസിസ്റ്റൻ്റ് പ്രൊഫസർ ഡോ. ജയേഷ് പുതുമനയുടെ നേതൃത്വത്തിൽ ഗവേഷക വിദ്യാർത്ഥിനിയായ അശ്വതി നടത്തിയ പഠനത്തിലാണ് ഈ നേട്ടം കൈവരിച്ചത്. ഗവേഷണഫലങ്ങൾ അന്താരാഷ്ട്ര പ്രശസ്ത ശാസ്ത്രജേണലായ 'ഫിഷ് ഫിസിയോളജി ആൻഡ് ബയോകെമിസ്ട്രിയിൽ' പ്രസിദ്ധീകരണത്തിനായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ATES1 എന്ന പേരിൽ വികസിപ്പിച്ച കോശനിരയുടെ ഏറ്റവും വലിയ പ്രത്യേകത, മറ്റ് സഹായക കോശങ്ങളുടെ പിന്തുണയില്ലാതെ തന്നെ ദീർഘകാലം വളർത്താനാകുന്നതും സ്റ്റെം സെല്ലുകളുടെ പ്രധാന സ്വഭാവസവിശേഷതകൾ നിലനിർത്തുന്നതുമാണ്. ഇന്ത്യയിൽ മത്സ്യങ്ങളിൽ നിന്നുള്ള സ്റ്റെം സെൽ സമാന കോശനിര വികസിപ്പിക്കുന്ന ഗവേഷണങ്ങൾ വളരെ വിരളമായതിനാൽ ഈ നേട്ടം കൂടുതൽ പ്രാധാന്യമർഹിക്കുന്നതാണ്.

കഴിഞ്ഞ നാലര വർഷമായി ഈ കോശനിരയിൽ നടത്തിയ വിപുലമായ പരീക്ഷണങ്ങളുടെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ ഗവേഷണത്തിന് അന്താരാഷ്ട്ര അംഗീകാരം ലഭിച്ചത്.

ഈ കോശനിര ഭാവിയിൽ മത്സ്യരോഗങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ, രോഗപ്രതിരോധ സംവിധാനങ്ങളുടെ വിശകലനം, ജനിതക ഗവേഷണം, ജീൻ എഡിറ്റിംഗ്, പുതിയ ഔഷധങ്ങളുടെയും വാക്സിനുകളുടെയും പരിശോധന എന്നിവയ്ക്ക് വിലപ്പെട്ട ഗവേഷണ മാതൃകയായി ഉപയോഗിക്കാനാകുമെന്ന് ഡോ. ജയേഷ് പുതുമന അറിയിച്ചു. കൂടാതെ, ലബോറട്ടറിയിൽ വികസിപ്പിക്കുന്ന മത്സ്യമാംസ (സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾക്കും ഇത് സഹായകമാകും.

ലിപോഫെക്ഷൻ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വൈറസ്‌രഹിത ട്രാൻസ്ജീൻ കൈമാറ്റത്തിൽ ഈ കോശനിര ഉയർന്ന കാര്യക്ഷമത പ്രകടിപ്പിച്ചതായും പഠനം വ്യക്തമാക്കുന്നു. അതിനാൽ ഭാവിയിലെ കോശഗവേഷണങ്ങൾക്കും ജൈവസാങ്കേതികവിദ്യാ പ്രയോഗങ്ങൾക്കും ആവശ്യമായ ജനിതക മാറ്റങ്ങൾ എളുപ്പത്തിൽ നടത്താൻ കഴിയുന്ന വിശ്വസനീയമായ മാതൃകാ കോശസംവിധാനമായി ATES1 ഉപയോഗിക്കാനാകുമെന്ന് ഗവേഷകർ പ്രതീക്ഷ പ്രകടിപ്പിച്ചു.

ഈ ഗവേഷണത്തിന് കേന്ദ്ര സർക്കാരിന്റെ ജൈവസാങ്കേതികവിദ്യ വകുപ്പ് സാമ്പത്തിക സഹായം നൽകിയിരുന്നു. രാജ്യത്ത് മത്സ്യ ജൈവ സാങ്കേതികവിദ്യാ മേഖലയിലെ അടിസ്ഥാന ഗവേഷണങ്ങൾക്ക് ഈ പഠനം പുതിയ സാധ്യതകൾ തുറന്നിടുമെന്നാണ് ഗവേഷകസംഘത്തിന്റെ വിലയിരുത്തൽ.




**ദുരിതാശ്വാസ ക്യാമ്പിലേക്ക് അവശ്യവസ്തുക്കളുമായി പോകുന്ന വാഹനം സ!ർവകലാശാലാ ക്യാമ്പസിൽ നിന്ന് യാത്രയാക്കുന്ന രജിസ്ട്രാ!!ർ പ്രൊഫ. (ഡോ.) ബിനു ജോർജ് വർഗീസ്, സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ. ഗിരീഷ് കുമാർ ജി.എസ്, ഡോ. ജോബിൻ ജോസ്, ഡോ. തോമസ് കുരുവിള, ഡോ. അൽസൺ മാർട്ട്, എൻ. എസ്. എസ്. പ്രോഗ്രാം കോഡിനേറ്റർ ഡോ. ഇ. എൻ ശിവദാസൻ എന്നിവ!ർ.**

# ഓണാഘോഷം 2026 ആകർഷകമായ ആഘോഷ പരിപാടികൾ നടത്തും: കളക്ടർ

**കൊല്ലം:** ഇത്തവണത്തെ ഓണാഘോഷം താലൂക്ക്പഞ്ചായത്ത്മുൻസിപ്പാലിറ്റി തലങ്ങളിലേക്കും വ്യാപിപ്പിച്ച് ആകർഷകമാക്കുമെന്ന് കളക്ടർ ആനി ജൂല തോമസ്. കളക്ടറുടെ ചേമ്പറിൽ ചേർന്ന പ്രത്യേകയോഗത്തിലാണ് ആനി ജൂല തോമസ് ഇക്കാര്യം അറിയിച്ചത്.

പരിപാടികളുടെ സംഘാടനത്തിനായി ജില്ലയിലെ മന്ത്രിമാർ, മേയർ, ജില്ലാ പഞ്ചായത്ത് അധ്യക്ഷ എന്നിവരടങ്ങിയ സബ് കമ്മിറ്റി രൂപീകരിക്കും. 24 മുതൽ 30 വരെയാണ് പരിപാടികൾ.

ഉദ്ഘാടനസമാപന സമ്മേളനങ്ങൾ കൊല്ലം ബീച്ചിലും നഗരത്തിലെ പരിപാടികൾ തിരുമുല്ലവാരം, ആശ്രാമം ചിൽഡ്രൻസ് പാർക്ക് എന്നിവിടങ്ങളിലും നടത്തും. വിനോദസഞ്ചാരകേന്ദ്രമായ സാംബ്രാണികൊടിയിലും മൺറോതുരുത്തിലും പരിപാടികളുണ്ടാകും. പ്രാദേശിക കലാകാരന്മാർക്കും വേദിയൊരുക്കും. പരിപാടികൾ നടത്താൻ കലാകാരന്മാർക്ക് ഓഗസ്റ്റ് 10 വരെ അപേക്ഷിക്കാം.

മന്ത്രി ബിന്ദു കൃഷ്ണയുടെ പ്രതിനിധി ബി. ത്രിദീപ്കുമാർ, ഉല്ലാസ് കോവൂർ എംഎൽഎയുടെ പ്രതിനിധി അരുൺ ഗോവിന്ദ്, രാഷ്ട്രീയകക്ഷി നേതാക്കളായ സൂരജ് രവി, കൈപ്പുഴ വി. റാംമോഹൻ, എൻ ഉണ്ണികൃഷ്ണൻ, ഈച്ചംവീട്ടിൽ നയാസ് മുഹമ്മദ്, ജി. ആനന്ദൻ, എസ്. പ്രശാന്ത്, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പ്രിയദർശിനി ബസ് റൂട്ടുകൾ ഉദ്ഘാടനം ചെയ്തു

**പേരൂർക്കട:** പേരൂർക്കട, വികാസ് ഭവൻ ഡിപ്പോകളിൽനിന്ന് ആരംഭിക്കുന്ന പ്രിയദർശിനി ബസ് റൂട്ടുകളുടെ ഉദ്ഘാടനം പേരൂർക്കട ഡിപ്പോയിൽ മന്ത്രി കെ. മുരളീധരൻ ഫ്ളാഗ് ഓഫ് ചെയ്തു. പേരൂർക്കടയിൽനിന്ന് കിഴക്കേക്കോട്ട വഴി മലമുകൾ ഭാഗത്തേക്കും വികാസ് ഭവനിൽനിന്ന് പട്ടം, കുന്നുകുഴി വാർഡുകളെ ബന്ധിപ്പിച്ചു കിഴക്കേക്കോട്ട, കണ്ണമ്മൂല, ചെമ്പഴന്തി, പോത്തൻകോട് ഭാഗത്തേക്കുമാണു പുതിയ സർവീസുകൾ ആരംഭിക്കുന്നത്. കുന്നുകുഴി വാർഡ് കൗൺസിലർ മേരി പുഷ്പം അധ്യക്ഷത വഹിച്ചു. പേരൂർക്കട, വികാസ് ഭവൻ അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർമാരായ ഗോപകുമാർ, ഗിരീഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.

# പ്രളയദുരിതത്തിൽ കൈത്താങ്ങുമായി മഹാത്മാഗാന്ധി സർവകലാശാല

**കോട്ടയം:** കേരളം നേരിടുന്ന പ്രളയ ദുരിതത്തിൽ കൈത്താങ്ങുമായി മഹാത്മാഗാന്ധി സർവകലാശാല. യൂണിവേഴ്സിറ്റിയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള വിവിധ കലാലയങ്ങളിലെ നാഷണൽ സർവീസ് സ്കീം യൂണിറ്റുകൾ സമാഹരിച്ച അവശ്യവസ്തുക്കൾ ചൊവ്വാഴ്ച ആറൻമുളയിലെ ദുരിതാശ്വാസ ക്യാമ്പിലെത്തിച്ചു.

ഭക്ഷണം, വസ്ത്രം, സോപ്പ്, സാനിറ്ററി നാപ്കിനുകൾ തുടങ്ങി നിത്യോപയോഗത്തിനാവശ്യമായ എല്ലാതരം സാധനങ്ങളും വിദ്യാർത്ഥികൾ വഴി സമാഹരിച്ചിട്ടുണ്ട്. വരും ദിവസങ്ങളിൽ കുമരകം, പൂഞ്ഞാർ, വൈക്കം, തലയോപ്പറമ്പ് മേഖലകളിലെ ക്യാമ്പുകളിലും വിതരണം ഉണ്ടായിരിക്കും.സർവകലാശാലാ ക്യാമ്പസിനു പുറമേ പത്തനംതിട്ട സീപാസ് ക്യാമ്പസിലും കളക്ഷൻ സെൻ്റർ പ്രവർത്തിക്കുന്നുണ്ട്.

# നാളികേര പുതുകൃഷിക്കും നഴ്സറികൾക്കും ധനസഹായം വർദ്ധിപ്പിച്ചു

**കൊച്ചി:** നാളികേര കൃഷി വ്യാപനം ലക്ഷ്യമിട്ട് നാളികേര വികസന ബോർഡ് നടപ്പാക്കുന്ന തെങ്ങിന്റെ പുതുക്കൃഷി പദ്ധതിയിൽ ഗുണഭോക്താക്കൾക്കുള്ള ധനസഹായം വർദ്ധിപ്പിച്ചു. മുമ്പ് ഒരു തൈയ്ക്ക് ഏകദേശം 40 രൂപ ലഭിച്ചിരുന്ന സ്ഥാനത്ത്, ഇനി മുതൽ 350 രൂപ വരെ ലഭിക്കും.

ശാസ്ത്രീയമായി പുതിയ തെങ്ങിൻ തൈകൾ നട്ട് കൃഷി വ്യാപിപ്പിക്കുന്നതാണ് പദ്ധതി. ഒരു ഹെക്ടറിൽ (2.5 ഏക്കർ) പുതുക്കൃഷി നടത്തുന്നതിന് 56,000 രൂപ വരെ (28,000 രൂപ വീതമുള്ള രണ്ട് തുല്യ വാർഷിക ഗഡുക്കളായി) ധനസഹായം ലഭിക്കും. പരമാവധി രണ്ട് ഹെക്ടറിന് വരെ ഈ ആനുകൂല്യം ലഭ്യമാണ്. കുറഞ്ഞത് 20 സെൻ്റിൽ 10 തൈകളെങ്കിലും നടുന്നവർക്ക് ആനുപാതികമായ തുക ലഭിക്കും. എന്നാൽ നിലവിലുള്ള തോട്ടങ്ങളിൽ അടിതൈ നടുന്നതിന് ഇത് ബാധകമല്ല. തൈകൾ നട്ടശേഷം നിർദ്ദിഷ്ട അപേക്ഷ അതത് കൃഷിഭവൻ മുഖേന സമർപ്പിക്കണം.

ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ലഭ്യത ഉറപ്പാക്കാൻ നാളികേര നഴ്സറി പദ്ധതിയും നടപ്പാക്കുന്നുണ്ട്. 25 സെൻ്റിൽ 10,000 വിത്തുതേങ്ങകൾ പാകി 6,250 തൈകൾ ഉത്പാദിപ്പിക്കുന്ന ചെറിയ നഴ്സറികൾക്ക് ചെലവിന്റെ 50% (പരമാവധി 2,81,250 രൂപ) ധനസഹായം ലഭിക്കും. ഒരു ഏക്കറിൽ 25,000 തൈകൾ ഉത്പാദിപ്പിക്കുന്നതിനും ധനസഹായമുണ്ട് (തൈയൊന്നിന് 45 രൂപ വീതം). വിശദവിവരങ്ങളും അപേക്ഷാഫോറങ്ങളും ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ: 0484 23777266 / 0484 23777267

# സ്റ്റാർ ഹെൽത്തിന്റെ അറ്റാദായം 550 കോടി രൂപയായി ഉയർന്നു

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ സ്റ്റാൻഡ് എലോൺ ഹെൽത്ത് ഇൻഷുറൻസ് കമ്പനിയായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ മികച്ച സാമ്പത്തിക നേട്ടം കൈവരിച്ചു. കമ്പനിയുടെ അറ്റാദായം മുൻ വർഷത്തെ സമാന പാദത്തെ അപേക്ഷിച്ച് 25 ശതമാനം വർധിച്ച് 550 കോടി രൂപയിലെത്തി. മികച്ച പ്രീമിയം വളർച്ചയും കാര്യക്ഷമമായ പ്രവർത്തനങ്ങളുമാണ് ഈ നേട്ടത്തിന് കരുത്തേകിയത്. കമ്പനിയുടെ അണ്ടർറൈറ്റിംഗ് ലാഭം മുൻ വർഷത്തെ 16 കോടി രൂപയിൽ നിന്ന് കുതിച്ചുയർന്ന് 111 കോടി രൂപയായിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം പാദത്തിൽ 9.6 ലക്ഷം ക്ലെയിമുകളാണ് സ്റ്റാർ ഹെൽത്ത് പരിഹരിച്ചത്. റീട്ടെയിൽ ക്ലെയിം സെറ്റിൽമെന്റ് അനുപാതം 1 ശതമാനം മെച്ചപ്പെട്ട് 91 ശതമാനത്തിലെത്തി. കമ്പനിയുടെ നെറ്റ് പ്രൊമോട്ടർ സ്കോർ 12 പോയിന്റ് ഉയർന്ന് 65 ആയി.

കമ്പനിയുടെ പുതിയ പോളിസികളിൽ 97 ശതമാനവും ഡിജിറ്റൽ വഴിയാണ് സമാഹരിച്ചത്. ഡിജിറ്റൽ ഡി2സി ചാനൽ വഴിയുള്ള റീട്ടെയിൽ വിൽപ്പനയിൽ 142 ശതമാനം വാർഷിക വളർച്ച രേഖപ്പെടുത്തി.

# സൗണ്ട്സ്കേപ്സ് ഓഫ് ഇന്ത്യ 2026ന് രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** ന്യൂദൽഹിയിൽ ഓഗസ്റ്റ് 29 മുതൽ 31 വരെ നടക്കുന്ന ഇന്ത്യയുടെ പ്രമുഖ സംഗീത വിപണിയും ഷോകേസ് ഫെസ്റ്റിവലുമായ സൗണ്ട്സ്കേപ്സ് ഓഫ് ഇന്ത്യ 2026ന്റെ രജിസ്ട്രേഷൻ ആരംഭിച്ചു. ഇന്ത്യൻ പെർഫോമിംഗ് റൈറ്റ് സൊസൈറ്റി ലിമിറ്റഡ്, കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന മേളയിൽ കലാകാരന്മാർ, സംഗീത വ്യവസായ രംഗത്തെ വിദഗ്ധർ, വിദ്യാർഥികൾ, സംഗീതാസ്വാദകർ എന്നിവർക്ക് പങ്കെടുക്കാം. ദ ജോയ് ഓഫ് ഡിസ്കവറി' എന്ന പ്രമേയത്തിൽ നടക്കുന്ന മേളയിൽ 20ലധികം രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കും.

ന്യൂദൽഹിയിലെ ഡോ . അംബേദ്കർ ഇന്റർനാഷണൽ സെന്റർ വേദിയാകുന്ന പരിപാടിയിൽ 50ലധികം സംഗീത പ്രകടനങ്ങൾ, 30 ഫെസ്റ്റിവൽ സ്പോട്ട്ലൈറ്റ് സെഷനുകൾ, വ്യവസായ സംവാദങ്ങൾ, രാജ്യാന്തര ബുക്കർമാരുമായുള്ള കൂടിക്കാഴ്ചകൾ, പരിശീലന പരിപാടികൾ എന്നിവ സംഘടിപ്പിക്കും. ഇന്ത്യയുടെ സംഗീത പ്രതിഭകളെ ആഗോള വേദികളുമായി ബന്ധിപ്പിക്കുകയും രാജ്യാന്തര സഹകരണത്തിനും പുതിയ അവസരങ്ങൾക്കും വഴിയൊരുക്കുകയുമാണ് മേളയുടെ ലക്ഷ്യം.

# കൽ ജാൻതേ ഹേ, കൽ ബനാതേ ഹേ കാമ്പയിനുമായി ജൈനം

**കൊച്ചി:** ജൈനം പുതിയ ബ്രാൻഡ് ഐഡന്റിറ്റിക്ക് കീഴിലുള്ള ആദ്യത്തെ ബ്രാൻഡ് കാമ്പയിനായ 'കൽ ജാൻതേ ഹേ, കൽ ബനാതേ ഹേ' ആരംഭിച്ചു. വിവരങ്ങളും അഭിപ്രായങ്ങളും നിറഞ്ഞ ലോകത്ത് നിക്ഷേപകരും ട്രേഡർമാരും എങ്ങനെ പ്രവർത്തിക്കുന്നു എന്ന് ഈ രണ്ട് കാമ്പയിൻ ചിത്രങ്ങൾ കാണിച്ചുതരുന്നു.

ചായക്കടകളിലെ ചർച്ചകൾ, ദൈനംദിന യാത്രകൾ, ഓഫീസുകളിലെ സംഭാഷണങ്ങൾ തുടങ്ങി സാധാരണക്കാരുടെ ജീവിതത്തിലെ സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയാണ് കാമ്പയിൻ ഒരുക്കിയിരിക്കുന്നത്. സാമ്പത്തിക തീരുമാനങ്ങളെ സാധാരണക്കാരുടെ ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കുകയാണ് ഈ കാമ്പയിൻ ചെയ്യുന്നത്. കഴിഞ്ഞ 22 വർഷത്തെ വിപണി മാറ്റങ്ങളിൽ നിന്നും ഒട്ടനവധി പാഠങ്ങൾ ഉൾക്കൊണ്ടാണ് ജൈനം വളർന്നത്. ലക്ഷ്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, ആത്മവിശ്വാസത്തോടെ സാമ്പത്തിക തീരുമാനങ്ങളെടുക്കാൻ ഈ ചിത്രങ്ങൾ നിക്ഷേപകരെ സഹായിക്കുന്നു. 'ഹംനേ കൽ കോ ദേഖാ ഹേ, തഭീ തോ ഹം കൽ ബനാതേ ഹേ' എന്ന കാമ്പയിൻ ഈ ആശയം കൂടുതൽ വ്യക്തമാക്കുന്നു. അനാവശ്യ ആശയക്കുഴപ്പങ്ങൾ ഒഴിവാക്കി നിക്ഷേപകർക്ക് വ്യക്തത നൽകാൻ ജൈനത്തെ ഒരു 'മോഡേൺ മെന്റർ' ആയി ഈ കാമ്പയിൻ അവതരിപ്പിക്കുന്നു.

രണ്ട് ഹ്രസ്വ ചിത്രങ്ങളാണ് കാമ്പയിന്റെ ഭാഗമായി പുറത്തിറക്കിയിട്ടുള്ളത്. രാജ്യത്തെ വൈവിധ്യമാർന്ന പ്രാദേശിക തലങ്ങളിലുള്ള പ്രേക്ഷകരിലേക്ക് എത്തുന്നതിനായി ഹിന്ദി, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക്, കന്നഡ, ബംഗാളി, ഗുജറാത്തി, മറാത്തി എന്നീ എട്ട് ഭാഷകളിൽ കാമ്പയിൻ ചിത്രങ്ങൾ റിലീസ് ചെയ്യും.




# സോണിയുടെ പുതിയ 115 ഇഞ്ച് ട്രൂ ആർജിബി ടെലിവിഷൻ അവതരിപ്പിച്ചു

**കൊച്ചി:** സോണി ബ്രാവിയ ടിവിയുടെ ഏറ്റവും വലുപ്പം കൂടിയ മോഡലായ ബ്രാവിയ 9IIന്റെ 115 ഇഞ്ച് (292 സെ.മീ.) വിപണിയിൽ അവതരിപ്പിച്ചു. സോണിയുടെ ആർജിബി ബാക്ക്ലൈറ്റ് മാസ്റ്റർ ഡ്രൈവ് പ്രോ സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന ഈ പുതിയ ഫ്ലാഗ്ഷിപ്പ് മോഡൽ അത്യാധുനികമായ ട്രൂ ആർജിബി സാങ്കേതികവിദ്യയിലൂടെ വലിയ സ്ക്രീനിൽ സമാനതകളില്ലാത്ത ദൃശ്യാനുഭവം സമ്മാനിക്കും. ഇതോടെ സോണിയുടെ ട്രൂ ആർജിബി ബ്രാവിയ ടെലിവിഷൻ ശ്രേണി 55 ഇഞ്ച് (140 സെ.മീ.) മുതൽ 115 ഇഞ്ച് (292 സെ.മീ.) വരെ വ്യാപിച്ചിരിക്കുകയാണ്.

വലിയ സ്ക്രീൻ, കൃത്യതയോടെയുള്ള നിറങ്ങൾ, സ്റ്റുഡിയോ നിലവാരത്തിലുള്ള ക്വാളിറ്റി, മികച്ച ശബ്ദ സംവിധാനം എന്നിവയിലൂടെ ചലച്ചിത്ര നിർമാതാക്കൾ ഉദ്ദേശിച്ച അനുഭവം അതേപടി വീടുകളിലെത്തിക്കുകയാണ് ബ്രാവിയ ശ്രേണികളുടെ ലക്ഷ്യം.

115 ഇഞ്ച് ബ്രാവിയ 9കക മോഡലിൽ അക്കൗസ്റ്റിക് മൾട്ടി ഓഡിയോ സാങ്കേതികവിദ്യയോടുകൂടിയ 12 സ്പീക്കർ സംവിധാനമാണ് നൽകിയിരിക്കുന്നത്. രണ്ട് സബ്‌വൂഫറുകളും എട്ട് ഫുൾ റേഞ്ച് സ്പീക്കറുകളും രണ്ട് ട്വീറ്ററുകളും ഉൾപ്പെടുന്ന ഈ സംവിധാനം കൂടുതൽ വ്യക്തതയുള്ള സംഭാഷണങ്ങളും മികച്ച ശബ്ദാനുഭവവും നൽകും. 115 ഇഞ്ച് മോഡൽ ഒഴികെയുള്ള ബ്രാവിയ 9II മോഡലുകളിൽ ഇമ്മേഴ്സീവ് ബ്ലാക്ക് സ്ക്രീൻ പ്രോ സാങ്കേതികവിദ്യയും ലഭ്യമാണ്.

ഗൂഗിൾ ടിവി പ്ലാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന ട്രൂ ആർജിബി ടെലിവിഷനുകൾ സിനിമകൾ, ടിവി പരിപാടികൾ, ആപ്പുകൾ, ഗെയിമുകൾ എന്നിവ വ്യക്തിഗത താൽപര്യങ്ങൾക്കനുസരിച്ച് ഒരുമിച്ച് ലഭ്യമാക്കുന്നു. ഭാവിയിൽ ഓവർദിഎയർ അപ്ഡേറ്റിലൂടെ ജെമിനി ഫോർ ഗൂഗിൾ ടിവിയും ലഭ്യമാകുമെന്ന് കമ്പനി അറിയിച്ചു. രാജ്യത്തെ സോണി സെന്റർ, സോണി എക്സ്ക്ലൂസീവ് സ്റ്റോറുകൾ, ShopatSC.com, പ്രമുഖ ഇലക്ട്രോണിക്സ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ, പ്രധാന ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവ വഴി ടിവികൾ ലഭ്യമാകും.

ബ്രാവിയ 9II 75 ഇഞ്ച് മോഡലിന്റെ എംആർപി 8,39,900ഉം ബെസ്റ്റ് ബൈ വില 5,39,990ഉം ആണ്. 85 ഇഞ്ച് മോഡലിന്റെ എംആർപി ?9,89,900ഉം ബെസ്റ്റ് ബൈ വില 6,69,990ഉം ആണ്. 115 ഇഞ്ച് മോഡലിന്റെ എംആർപി 45,99,900ഉം ബെസ്റ്റ് ബൈ വില 28,99,990ഉം ആണ്. ഈ മോഡൽ ഉടൻ ലഭ്യമാകും.




# ജർമ്മൻ സർവകലാശാലയുമായി ധാരണാപത്രം ഒപ്പുവച്ച് എംഐടിഡബ്ല്യുപിയു

**പൂനെ:** വിദ്യാർഥികൾക്ക് ആഗോള വിദ്യാഭ്യാസഗവേഷണ അവസരങ്ങൾ വിപുലമാക്കുന്നതിനായി പൂനെയിലെ എംഐടി വേൾഡ് പീസ് യൂണിവേഴ്സിറ്റി (എംഐടിഡബ്ല്യുപിയു) ജർമ്മനിയിലെ ബെർലിൻ സ്കൂൾ ഓഫ് ബിസിനസ് ആൻഡ് ഇന്നൊവേഷനുമായി (ബിഎസ്ബിഐ) ധാരണാപത്രം ഒപ്പുവച്ചു. അക്കാദമിക്സാംസ്കാരിക കൈമാറ്റം, സംയുക്ത ഗവേഷണം, വിദ്യാർഥി അധ്യാപക കൈമാറ്റ പരിപാടികൾ, സാങ്കേതികവിദ്യ അധിഷ്ഠിത പഠന നവീകരണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് സഹകരണം നൽകുകയാണ് കരാറിന്റെ ലക്ഷ്യം.

ധാരണാപത്രം എംഐടിഡബ്ല്യുപിയു എക്സിക്യൂട്ടീവ് പ്രസിഡന്റ് ഡോ. രാഹുൽ വി. കരാഡും ബിഎസ്ബിഐ പ്രൊവോസ്റ്റ് പ്രൊഫ. ഡോ. കിരിയാക്കോസ് കുവേലിയോട്ടിസും ചേർന്ന് ഒപ്പുവെച്ചു. ഇന്ത്യയും യൂറോപ്പും തമ്മിലുള്ള അക്കാദമിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആഗോള നിലവാരത്തിലുള്ള പഠനഗവേഷണ അവസരങ്ങൾ വിദ്യാർഥികൾക്ക് ഒരുക്കുന്നതിനും ഈ സഹകരണം സഹായകരമാകുമെന്ന് ഇരു സ്ഥാപനങ്ങളും അറിയിച്ചു.

# സ്വർണ വിപണിയിൽ കരുത്ത് തുടരുന്നു: വേൾഡ് ഗോൾഡ് കൗൺസിൽ

**കൊച്ചി:** 2026ലെ രണ്ടാം പാദത്തിൽ ആഗോള സ്വർണ വിപണി കരുത്ത് നിലനിർത്തിയതായി വേൾഡ് ഗോൾഡ് കൗൺസിലിന്റെ ഗോൾഡ് ഡിമാൻഡ് ട്രെൻഡ്സ് റിപ്പോർട്ട്. ആകെ സ്വർണാവശ്യം 1,269 ടണ്ണായി കഴിഞ്ഞ വർഷത്തെ നിലവാരത്തിൽ തുടർന്നു. സ്വർണവിലയിലെ ശീതളത മൂലം ഇ.ടി.എഫ്. നിക്ഷേപങ്ങളിൽ കുറവുണ്ടായെങ്കിലും കേന്ദ്രബാങ്കുകളുടെ സ്വർണവാങ്ങലും ഏഷ്യൻ വിപണികളിലെ നിക്ഷേപ ആവശ്യകതയും വിപണിക്ക് പിന്തുണയായി. ആഭരണ ആവശ്യകത അളവിൽ കുറഞ്ഞെങ്കിലും ഉയർന്ന വില കാരണം മൂല്യത്തിൽ വർധനയുണ്ടായി. ഖനന ഉൽപാദനവും ഉയർന്നു. 2026ന്റെ രണ്ടാം പകുതിയിലും നിക്ഷേപ ആവശ്യകത വളർച്ചയ്ക്ക് പ്രധാന പ്രേരകമാകുമെന്നും കേന്ദ്രബാങ്കുകളുടെ സ്വർണവാങ്ങൽ തുടരുമെന്നും വേൾഡ് ഗോൾഡ് കൗൺസിൽ വിലയിരുത്തി.



# വയർലെസ് കീബോർഡുമായി ലോജിടെക്

**കൊച്ചി:** ലോജിടെക് പുതിയ എംകെ250 ബ്ലൂടൂത്ത് മൗസ് കീബോർഡ് കോമ്പോയും കെ250 ബ്ലൂടൂത്ത് കീബോർഡും വിപണിയിൽ അവതരിപ്പിച്ചു. ആദ്യമായി വയർലെസ് ഉപകരണങ്ങൾ ഉപയോഗിക്കുന്നവരെയും വിദ്യാർഥികളെയും ഓഫീസ് ഉപയോക്താക്കളെയും ലക്ഷ്യമിട്ടാണ് പുതിയ ഉൽപ്പന്നങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. വിൻഡോസ്, മാക്ഒഎസ്, ക്രോംഒഎസ് എന്നിവയിൽ അനായാസം പ്രവർത്തിക്കുന്ന കെ250 കീബോർഡിൽ ന്യൂമറിക് കീപാഡ്, ബ്ലൂടൂത്ത് കണക്റ്റിവിറ്റി, മികച്ച ഡിസൈൻ, ക്രമീകരിക്കാവുന്ന ടിൽറ്റ് സ്റ്റാൻഡ്, ഒരു വർഷത്തിലധികം ബാറ്ററി ലൈഫ് എന്നിവയുണ്ട്. എംകെ250 കോമ്പോയിൽ ഇരുകൈ കൊണ്ടും ഉപയോഗിക്കാവുന്ന എം196 വയർലെസ് മൗസും ഉൾപ്പെടുത്തിയിട്ടുണ്ട്. എംകെ250 കോമ്പോയ്ക്ക് യഥാക്രമം 2,195 കെ250 കീബോർഡിന് 1,395 എന്നിങ്ങനെയാണ് വില.

# സാമൂഹിക പ്രതിബദ്ധത; എച്ച്ഡിഎഫ്സി ബാങ്ക് 1,316.18 കോടി ചിലവഴിച്ചു

**കൊച്ചി:** രാജ്യത്തെ മുൻനിര സ്വകാര്യ ബാങ്കായ എച്ച്.ഡി.എഫ്.സി ബാങ്ക് തങ്ങളുടെ സാമൂഹിക പ്രിതിബദ്ധത പദ്ധതിയായ 'പരിവർത്തൻ' കഴിഞ്ഞ സാമ്പത്തിക വർഷം 1,316.18 കോടി രൂപ ചിലവഴിച്ചതായി വാർത്താ കുറിപ്പിലൂടെ അറിയിച്ചു. 498 അതിർത്തി ഗ്രാമങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളിലുമായി പതിനോരായിരത്തിലധികം ഗ്രാമങ്ങളുടെ വികസ പ്രവർത്തനങ്ങൾക്കാണ് ഈ തുക വിനിയോഗിച്ചതെന്നും ബാങ്ക് അറിയിച്ചു. ഗ്രാമീണ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗം, കൃഷി, ശുചിത്വം, ജലസംരക്ഷണം തുടങ്ങിയ മേഖലകളിലാണ് പ്രധാനമായും ശ്രദ്ധകേന്ദ്രീകരിച്ചത്. ഇതിലൂടെ 10.77 കോടി പൗരന്മാർക്ക് പ്രയോജനം ലഭ്യമാക്കാനായതായി ഡെപ്യൂട്ടി മാനേജിങ് ഡയറക്ടർ കൈസാദ് ഭരുച അറിയിച്ചു. ബാങ്കിന്റെ സാമൂഹിക വികസന പ്രവർത്തനങ്ങൾ രാജ്യത്തെ കൂടുതൽ ജനവിഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രതിബദ്ധത തുടരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.




# ഷോറൂം ഓൺ വീൽസ്' സ്കോഡ ഓട്ടോയുടെ കെ2കെ യാത്ര കൊച്ചിയിൽ തുടങ്ങി

**കൊച്ചി :** 13 രാജ്യങ്ങളിലായി 19,351 കിലോമീറ്ററുകൾ പിന്നിട്ട ചരിത്രപ്രധാനമായ 'കെയ്ലാക് പി2പി യാത്രയുടെ വിജയത്തിന് ശേഷം സ്കോഡയുടെ രാജ്യവ്യാപക ഉപഭോക്തൃ സമ്പർക്ക പരിപാടിയായ കെ2കെ യാത്ര കൊച്ചിയിൽനിന്നും യാത്ര തിരിച്ചു. ലോകോത്തര മൊബിലിറ്റി അനുഭവങ്ങൾ ഉപഭോക്താക്കൾക്ക് കൂടുതൽ പ്രാപ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചിയിൽനിന്നും കൊൽക്കത്തയിലേക്ക് സ്കോഡ ഓട്ടോ ഇന്ത്യ ഷോറൂം ഓൺ വീൽസ് എന്ന ആശയവുമായി യാത്ര

സംഘടിപ്പിച്ചിരിക്കുന്നത്. പ്രത്യേകം സജ്ജീകരിച്ച മൊബൈൽ ഷോറൂം വഴി സ്കോഡ ബ്രാൻഡിനേയും അതിന്റെ ഉൽപ്പന്നങ്ങളേയും രാജ്യത്തുടനീളമുള്ള ഉപഭോക്താക്കളിലേയ്ക്ക് നേരിട്ട് പരിചയപ്പെടുത്തുകയാണ് ലക്ഷ്യം. ഐശ്വര്യത്തിന്റെയും കൂട്ടായ്മയുടെയും പ്രതീകമായ ഓണാഘോഷ വേളയിൽ കൊച്ചിയിൽ നിന്ന് ആരംഭിച്ച യാത്രയിൽ ഇന്ത്യൻ എഞ്ചിനീയറിംഗിന്റെ കരുത്ത് ആഗോളതലത്തിൽ സ്കോഡ കെയ്ലാകിന്റെ ശേഷി, ഗുണനിലവാരം, വിശ്വാസ്യത, സുരക്ഷ, മൂല്യം എന്നിവ ഇന്ത്യൻ ഉപഭോക്താക്കൾക്ക് നേരിട്ട് അനുഭവവേദ്യമാക്കാൻ ഈ പര്യവേക്ഷണത്തിലൂടെ സഹായിക്കുമെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാൻഡ് ഡയറക്ടർ ആശിഷ് ഗുപ്ത വ്യക്തമാക്കി. തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ സ്പോട്ട് വെഹിക്കിൾ ഡെലിവറികളും സ്കോഡ ഓട്ടോ ഇന്ത്യ സംഘടിപ്പിക്കുന്നുണ്ട്. കേരളം, തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ അഞ്ച് സംസ്ഥാനങ്ങളിലൂടെ ഇന്ത്യയുടെ പടിഞ്ഞാറൻ, കിഴക്കൻ തീരപ്രദേശങ്ങളിലൂടെയാകും കെ2കെ യാത്ര കടന്നുപോകുക. പ്രാദേശിക സമൂഹങ്ങളുമായി സംവദിച്ചും വിവിധ ഉത്സവങ്ങളിൽ പങ്കെടുത്തും കമ്പനിയുടെ വിപുലമായ ഡീലർ നെറ്റ്വർക്ക് വഴിയാകും ഈ മുന്നേറ്റം. ഇന്ത്യയുടെ വൈവിധ്യവും സംസ്കാരവും ആഘോഷിക്കുന്ന ഈ പര്യവേക്ഷണം ദുർഗ്ഗാ പൂജയുടെ വർണാഭമായ ആഘോഷങ്ങളോടെ കൊൽക്കത്തയിൽ സമാപിക്കും.



ലോക മുലയൂട്ടൽ വാരത്തോടനുബന്ധിച്ച് ആസ്റ്റർ മെഡ്സിറ്റിയിലെ 'സെന്റർ ഓഫ് എക്സലൻസ് ഇൻ പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റോളജി'യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മുലയൂട്ടൽ വാരാഘോഷ പരിപാടികൾ എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐഎഎസ് ഉദ്ഘാടനം ചെയ്യുന്നു.

# ആസ്റ്റർ മെഡ്സിറ്റിയിൽ ലോക മുലയൂട്ടൽ വാരാഘോഷം

**കൊച്ചി:** കുഞ്ഞുങ്ങൾക്ക് സുസ്ഥിരവും ആരോഗ്യകരവുമായ ഭാവി ഉറപ്പാക്കാൻ മുലയൂട്ടലിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പരിപാടികളോടെ ആസ്റ്റർ മെഡ്സിറ്റിയിൽ ലോക മുലയൂട്ടൽ വാരം ആഘോഷിച്ചു. ആസ്റ്റർ മെഡ്സിറ്റിയിലെ 'സെന്റർ ഓഫ് എക്സലൻസ് ഇൻ പീഡിയാട്രിക്സ് ആൻഡ് നിയോനാറ്റോളജി'യുടെ നേതൃത്വത്തിൽ ആസ്റ്റർ മെഡ്സിറ്റിയിലെ നോളജ് ഹബ്ബിൽ സംഘടിപ്പിച്ച ചടങ്ങ് എറണാകുളം ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐഎഎസ് ഉദ്ഘാടനം ചെയ്തു. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന 'മദർ ആൻഡ് ബേബി ഫ്രണ്ട്‌ലി ഹോസ്പിറ്റൽ ഇനിഷ്യേറ്റീവി'ന്റെ ഭാഗമായാണ് ചടങ്ങ് സംഘടിപ്പിച്ചത്. ആഗസ്റ്റ് ഒന്ന് മുതൽ ഏഴ് വരെയാണ് ലോക മുലയൂട്ടൽ വാരം.

അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമായി സാംസ്കാരികവും വിനോദപരവുമായ പരിപാടികളും ചടങ്ങിന്റെ ഭാഗമായി നടന്നു. അമ്മമാർക്കായി സംഘടിപ്പിച്ച റാമ്പ് വോക്ക്, രക്ഷിതാക്കളുടെയും ആസ്റ്റർ ജീവനക്കാരുടെയും വിവിധ കലാപരിപാടികൾക്ക് പുറമെ അമ്മമാർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവെക്കുകയും ചെയ്തു. വാരാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള സമ്മാനദാനവും ചടങ്ങിൽ കളക്ടർ വിതരണം ചെയ്തു.

ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. നളന്ദ ജയദേവ്, സിഒഒ ഡോ. ഷുഹൈബ് ഖാദർ, ഡോ. ജോർജ്ജ് ജോസ്, ഡോ. ജീസൺ സി ഉണ്ണി, ഡോ. ഷേർളി മാത്തൻ, ചീഫ് നഴ്സിംഗ് ഓഫീസർ എന്നിവർ സംസാരിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# യൂറോഗ്രിപ്പിന്റെ പുതിയ അഡ്വഞ്ചർ ടൂറിംഗ് ടയർ ശ്രേണി എം.എസ്. ധോണി പുറത്തിറക്കി

**ചെന്നൈ:** ടിവിഎസ് ശ്രീചക്ര ലിമിറ്റഡിന്റെ ഇന്ത്യയിലെ മുൻനിര ഇരുചക്രമുച്ചക്ര വാഹന ടയർ ബ്രാൻഡായ യൂറോഗ്രിപ്പ് ടയേഴ്സ്, അഡ്വഞ്ചർ ടൂറിംഗ് ശ്രേണിയിലെ പുതിയ ട്രെയിൽഹൗണ്ട് എസ്ടിആർ ടയറുകൾ ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു. ബ്രാൻഡ് അംബാസഡറും മുൻ ഇന്ത്യൻ ക്രിക്കറ്റ് നായകനുമായ എം.എസ്. ധോണിയാണ് പുതിയ ടയർ ശ്രേണി പുറത്തിറക്കിയത്.

ഹൈവേകളിലും ലളിതമായ ഓഫ്റോഡ് പാതകളിലും ഒരുപോലെ മികച്ച പ്രകടനവും സുരക്ഷിതമായ ഹാൻഡ്‌ലിംഗും ഉറപ്പാക്കുന്ന തരത്തിൽ മീഡിയം, ലാർജ് അഡ്വഞ്ചർ ബൈക്കുകൾക്കായാണ് ടയർ വികസിപ്പിച്ചിരിക്കുന്നത്. ആഗോള വിപണിയിൽ വിജയകരമായി അവതരിപ്പിച്ച ട്രെയിൽഹൗണ്ട് എസ്ടിആർ, ഇന്ത്യയിലെ വളർന്നുവരുന്ന അഡ്വഞ്ചർ ടൂറിംഗ് വിഭാഗത്തെ ലക്ഷ്യമിട്ടാണ് ഇപ്പോൾ രാജ്യത്ത് അവതരിപ്പിച്ചിരിക്കുന്നതെന്ന് കമ്പനി അറിയിച്ചു.

ട്രെയിൽഹൗണ്ട് എസ്ടിആർ, അഡ്വഞ്ചർ ടൂറിംഗ് റൈഡർമാരുടെ ആവശ്യങ്ങൾ മുൻനിർത്തി രൂപകൽപ്പന ചെയ്ത 90/10 ട്രെഡ് പാറ്റേണോടെയാണ് എത്തുന്നത്. മഴയിലും വിവിധ റോഡ് സാഹചര്യങ്ങളിലും മികച്ച ട്രാക്ഷനും വെള്ളം വേഗത്തിൽ പുറന്തള്ളാനുള്ള ശേഷിയും ടയറിനുണ്ടെന്ന് ടിവിഎസ് ശ്രീചക്ര ലിമിറ്റഡ് ഡെപ്യൂട്ടി സിഇഒയും ചീഫ് ടെക്നോളജി ഓഫീസറുമായ വി. ശിവരാമകൃഷ്ണൻ പറഞ്ഞു.

അഡ്വഞ്ചർ മോട്ടോർസൈക്ലിംഗ് ഇന്ത്യയിൽ അതിവേഗം വളരുന്ന സാഹചര്യത്തിൽ കൂടുതൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഉൽപ്പന്നങ്ങൾ രാജ്യത്ത് അവതരിപ്പിക്കുമെന്ന് ടിവിഎസ് ശ്രീചക്ര ലിമിറ്റഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ടി.കെ. രവി അറിയിച്ചു.

ബിഎംഡബ്ള്യൂ ജിഎസ് 310, സുസുകി വിസ്ട്രോം 650 എക്സ്ടി, ബിഎംഡബ്ള്യൂ എഫ്850 ജിഎസ്, ഹോണ്ട ആഫ്രിക്ക ടിൻ, മോട്ടോ മോറിനി എക്സ്കേപ്പ് 650, ട്രയംഫ് ടൈഗർ 1200 റാലി എക്സ്പ്ലോറർ, ബെനെല്ലി ടിആർകെ 502എക്സ് തുടങ്ങിയ മോഡലുകൾക്ക് അനുയോജ്യമായ വിവിധ വലുപ്പങ്ങളിൽ ടയറുകൾ ലഭ്യമാകും.




# ഓണം വിപണിയിൽ പുതിയ ഉൽപ്പന്ന നിരയുമായി സുജാത അപ്ലയൻസ്സ്

**കൊച്ചി :** ഓണം വിപണിയിൽ ശക്തമായ തരംഗം സൃഷ്ടിക്കാൻ പുതിയ ഉൽപന്ന നിര അവതരിപ്പിച്ച് രാജ്യത്തെ പ്രമുഖ സ്മോൾ ഡൊമസ്റ്റിക് അപ്ലയൻസസ് നിർമ്മാതാക്കളായ സുജാത അപ്ലയൻസ്സ്. സുജാത മൾട്ടിമിക്സ് 2ഇൻ1 മിക്സർ ഗ്രൈൻഡർ വിത്ത് ഫ്രെഷ് ജ്യൂസ് മേക്കർ, സുജാത എംജി03 നാല് ജാർ മിക്സർ ഗ്രൈൻഡർ എന്നിവയാണ് പ്രധാനമായി അവതരിപ്പിക്കുന്നത്. ഡബിൾ ബോൾ ബെയറിംഗ് മോട്ടോർ ടെക്നോളജി ഉപയോഗിക്കുന്ന ഈ ഉൽപ്പന്നങ്ങൾ ദീർഘായുസ്, ശക്തമായ പ്രവർത്തനം, സ്ഥിരതയാർന്ന ഗ്രൈൻഡിംഗ് എന്നിവ ഉറപ്പുനൽകുന്നതായി കമ്പനി അവകാശപ്പെട്ടു. വിവിധ രീതിയിലുള്ള പാചകത്തിന് അനുയോജ്യമായ ഉയരത്തിലും 180 ഡിഗ്രി വരെ പൂർണമായി തുറക്കാവുന്ന രൂപകൽപ്പനയിലും പുറത്തിറക്കിയിരിക്കുന്ന ഗ്രില്ലർ, സ്ട്രിക്സ് ടെക്നോളജിയും ത്രീവേ ഓട്ടോ ഷട്ട്ഓഫ് സംവിധാനവുമുള്ള കെറ്റിൽ, ഡബിൾ ഗോൾഡൻ കോട്ടഡ് സോൾപ്ലേറ്റ് ഉപയോഗിച്ചുള്ള ഡ്രൈ അയൺ, ഹാൻഡ് ബ്ലെൻഡറുകൾ, ടോസ്റ്ററുകൾ, സ്മൂത്തി മേക്കറുകൾ, എയർ ഫ്രയറുകൾ, സ്ലോ ജ്യൂസറുകൾ എന്നിവയും ഈ ശ്രേണിയിൽ ഉൾപ്പെടുന്നു. ഓരോ കുടുംബത്തിലും ഗുണമേൻമയും വിശ്വസനീയവുമായ അടുക്കള ഉപകരണങ്ങൾ എത്തിക്കുക എന്നതാണ് കമ്പനിയുടെ ലക്ഷ്യമെന്നും , കേരളം എക്കാലവും കമ്പനിയുടെ മികച്ച വിപണിയാണെന്നും മാർക്കറ്റിംഗ് മേധാവി ഫഗുൻ മിത്തൽ പറഞ്ഞു.



# ആദിത്യ പട്നായിക്കിന് അന്താരാഷ്ട്ര റേസിങ്ങിൽ ആദ്യ ജയം

**മുംബൈ/കൊച്ചി:** ഇന്ത്യയുടെ അന്താരാഷ്ട്ര റേസിങ് താരം ആദിത്യ പട്നായിക്കിന് അന്താരാഷ്ട്ര മത്സരത്തിൽ ആദ്യ വിജയം. മലേഷ്യയിലെ പ്രശസ്തമായ സെപാങ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന ഗോൾഡ് വിയോസ് ചാമ്പ്യൻഷിപ്പ് മലേഷ്യയുടെ മൂന്നാം റൗണ്ടിൽ സ്പോർട്ടിങ് ക്ലാസ് വിഭാഗത്തിലാണ് മുംബൈ സ്വദേശിയായ ഈ ഇരുപതുകാരൻ ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. ആദിത്യക്ക് 15,000 മലേഷ്യൻ റിംഗിറ്റ് സമ്മാനത്തുകയായി ലഭിച്ചു. തന്റെ കന്നി അന്താരാഷ്ട്ര കാർ റേസിങ് സീസണിൽ തന്നെ മികച്ച പ്രകടനമാണ് ആദിത്യ നടത്തുന്നത്. മൂന്നാം റൗണ്ടിലെ ആദ്യ റേസിൽ മൂന്നാം സ്ഥാനത്തെത്തിയ താരം, തുടർന്ന് നടന്ന രണ്ടാം റേസിൽ ഒന്നാം സ്ഥാനം നേടിയാണ് പോഡിയത്തിൽ ഉന്നത വിജയം ഉറപ്പിച്ചത്. മുൻ എഫ്.വൺഡ്രൈവർ അലക്സ് യങ്ങിന്റെ ടീം ആക്സൽ സ്പോർട്സിന് വേണ്ടിയാണ് റയോ റേസിങ്ങിന്റെ ആദിത്യ മത്സരരംഗത്തിറങ്ങിയത്. മഴയും പ്രതികൂല കാലാവസ്ഥയും കാരണം യോഗ്യതാ റൗണ്ടിൽ നാലാം സ്ഥാനം മാത്രമാണ് നേടാനായതെങ്കിലും, ആവേശകരമായ പോരാട്ടത്തിലൂടെ ആദിത്യ തിരിച്ചുവരവ് നടത്തുകയായിരുന്നു. ചാമ്പ്യൻഷിപ്പിൽ ഒരു റൗണ്ട് മാത്രം ശേഷിക്കെ 88 പോയിന്റോടെ നിലവിൽ മൂന്നാം സ്ഥാനത്താണ് താരം. 2023ലെ എഫ്.എം.എസ്.സി.ഐ നാഷണൽ കാർട്ടിങ് ചാമ്പ്യനായ ആദിത്യ, കഴിഞ്ഞ വർഷം ഒരു വാഹനാപകടത്തിൽ കൈക്ക് പരിക്കേറ്റ് മാസങ്ങളോളം വിശ്രമത്തിലായിരുന്നു.




# സാംസംഗ് കേരള, മൈ സാംസംഗ്, ഓണം ഓഫർ തുടങ്ങി

**കൊച്ചി:** ഓണത്തോടനുബന്ധിച്ചു സാംസംഗ് ഇന്ത്യയുടെ മൈ കേരള, മൈ സാംസംഗ് ക്യാമ്പയിൻ ആരംഭിച്ചു. കുടുംബങ്ങൾക്ക് ആഘോഷകാലത്ത് കൂടുതൽ മൂല്യവും സൗകര്യവും ഒരുക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ബെസ്പോക്ക് എഐ റഫ്രിജറേറ്ററുകൾ, വാഷിംഗ് മെഷീനുകൾ, എയർ കണ്ടീഷണറുകൾ എന്നിവയ്ക്ക് 20,000 രൂപ വരെ ക്യാഷ്ബാക്ക്, അധിക വാറൻ്റി, ആകർഷക ഇഎംഐ ആനുകൂല്യങ്ങൾ എന്നിവ കമ്പനി പ്രഖ്യാപിച്ചു.

കേരളത്തിലെ ഉപഭോക്താക്കൾക്ക് തെരഞ്ഞെടുത്ത ബെസ്പോക്ക് എഐ ഗൃഹോപകരണങ്ങൾ വാങ്ങുമ്പോൾ 20,000 രൂപ വരെ ക്യാഷ്ബാക്ക് ലഭിക്കും. തെരഞ്ഞെടുത്ത റഫ്രിജറേറ്ററുകൾക്കും വാഷിംഗ് മെഷീനുകൾക്കും ഒരു വർഷത്തെ എക്സ്റ്റെൻഡഡ് വാറൻ്റി വാങ്ങുന്നവർക്ക് രണ്ട് വർഷത്തെ അധിക വാറൻ്റി സൗജന്യമായി ലഭിക്കും. തെരഞ്ഞെടുത്ത സിംഗിൾഡോർ റഫ്രിജറേറ്ററുകൾക്ക് 99 രൂപയ്ക്ക് ഒരു വർഷത്തെ എക്സ്റ്റെൻഡഡ് വാറൻ്റിയും കമ്പനി ഒരുക്കിയിട്ടുണ്ട്.

സാംസംഗ് ഫിനാൻസ് പ്ലസ് വഴി പേപ്പർലെസ് ഡിജിറ്റൽ ഫിനാൻസിംഗ്, സീറോ ഡൗൺ പേയ്മെൻ്റ് സൗകര്യങ്ങൾ എന്നിവയും ലഭ്യമാണ്. 25 കിലോഗ്രാം വാഷർഡ്രയർ കോംബോ വാങ്ങുന്നവർക്ക് 30 മാസത്തെ പലിശരഹിത ഇഎംഐ പദ്ധതിയിൽ ആദ്യ ഇഎംഐ സാംസംഗ് വഹിക്കുമെന്ന് അധികൃതർ അറിയിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com